MR. JOSEPH VITHAYATHIL: Sir, a member in charge of a Bill may withdraw it at any stage.

MR. E. P. VARGHESE: Sir, I seek the leave of the House to withdraw the Bill.

The Bill was, by leave of the House, withdrawn.

THE TRAVANCORE KAMMALA BILL.

PRESIDENT: I find before me, I suppose honourable members have also got it, a certain number of amendments. Then there was also circulated some Malayalam document. I think it was Mr. Velu Achari who circulated it, in which all the amendments have been put in the form of another enactment.

MR. N. RAMAKRISHNA PILLAI: He has circulated a paper containing the history of the Kammla Bill.

PRESIDENT: All the amendments have been incorporated in it.

MR. N. RAMAKRISHNA PILLAI: Sir, most of the amendments that have been given notice of are intended to remove clerical mistakes.

Sir, I beg to present the roport of the select committee on the Kammala Bill and I move that the Bill be taken up for consideration.

MR. G. NILAKANTAN (*Nominated*): I second it.

MR. N. VELU ACHARI: Sir, under Standing Order No. 64. I beg leave to present to the Assembly some 18 petitions forwarded to me in connection with the Bill under consideration from the Viswakarma Sanghams .....

PRESIDENT: Order. Is this the proper time for presenting those petitions?

MR. PUTHUPALLY S. KRISHNA PILLAI: Sir, the House is now in possession of the Kammala Bill and the motion before the House is that the Bill be considered and the procedure is that we should consider any amendments that are brought before the House for its consideration.

PRESIDENT: The whole point is this. What is the precedent or what is the procedure for the presentation of these petitions to the Assembly? What is the period within which they should be presented.

MR. N. VELU ACHARI: I may refer the Chair to Standing order No. 64.

PRESIDENT: I know that there is a procedure for presenting petitions to the Assemply. What I am anxious to know from the Legal Remebrancer or any other honourable member who can enlighten me, is whether there is any precedent here as to the time for the presentation of such petitions? Can they be presented during the progress of a Bill? Can they be presented in the middle of the deliberations on the Bill? That is what I wish to know. Otherwise, I shall rule according to my own discretion.

MR. PUTHUPALLY S. KRISHNA PILLAI: This is certainly not the time for presenting the petitions. The House is already in possession of a motion that the Bill be read in the Assembly.

MR. C. JEBAMONY NADAR: Paragraph 182 (1) (a) of the Assembly Manual at page 53 states that petitions to the Assemply must relate to some matter actually under the consideration of the Assembly; and this is the proper time.

MR. PUTHUPALLY S. KRISHNA PILLAI: My opinion is, Sir, that in the midst of a motion that is under the consideration of the House, the petitions connot be presented.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT : I have been considering this matter for some time. I hold that before any discussion takes place on the motion before the House, the honourable member is in order in presenting the petitions. Petitions to the Assembly must relate to some matter actually under the consideration of the Assembly. It cannot be gainsaid that this is under the consideration of the Assembly and I do not find that our Standing Orders impose a limitation on the time for presentation of petitions. I therefore hold that the honourable member is in order in presenting the the petitions, which he may do according to the ordinary procedure.

MR. N. VELU ACHARI Sir, under Standing Order No. 64, I beg leave to present to the Assembly some 18 petitions forwarded to me in connection with the Bill under consideration from the Viswakarma Sanghams, praying to amend the Bill so as to include all the members of the community with certain other changes detailed in the petitions, such as:—

1. The Central Travancore Viswakarma Kala-Mandalam, representing the Viswakarmas of Thiruvalla, Pathanamthitta, Kunnathoor, Mavelikara, Karthigapally, Ambalapuzha and Changanacherry taluks.
2. The Viswakarma Yogam Branch No. 27, Ezhumattoor, Thiruvalla.
3. The Town Viswakarma Samajam, Shertallay.
4. The Viswakarma Mahajana Yogam No. 100 of Ambalapuzha, Aryad South, Aryad muri.
5. The Viswakarma Mahajana Yogam No. 26 of Ambalapuzha.
6. The Kottayam Viswakarma Community No. 48, Kottayam.
7. The Viswakarma Sakha Yogam No. 68, Pannivazha, Adoor, Kunnathur taluk.
8. The Venganoor Viswakarma Sangham, Neyyattinkara.
9. The Viswabrahma Vamsa Paripalana Yogam in Chirayinkil taluk.
10. The Viswakarma Association Branch No. 70, Koikal Bhagam, West Kallada, Kunnathoor.
11. The Adoor Enadimangalam Viswakarma Society, Kunnathoor taluk.
12. The Viswakarma Mahajana Sakha Yogam No. 95, Aala, Thiruvalla, taluk.
13. The Travancore Artisans' Association, Branch No. 98, Vaipur, Kallupara.
14. The Vennikulam Viswakarma Co-operative Society No 1580, Vennikulam.
15. The Viswakarma Mahajanasakha Yogam No. 83, Chavarcode, Chirayinkil.
16. The Viswakarma Mahajana Sakha Yogam No. 71, Veliyam, Kottarakara taluk.
17. The representatives, The Viswakarma Mahajana Sabha Branch No. 6, Pavithraswaram, Puthoor, Kottarakara.
18. The Sree Viswakarmajodharana Bhajana Samithy, Shertallay.

(The honourable member then gave the petition to the Secretary to the Sri Mulam Assembly).

LIBRARY ARCHIVES Kerala Legislative Assembly

MR. S. CHATTANATHA KARAYALAR: Sir, he has not stated the material allegations contained in the petitions. He has only stated that he has received certain petitions.

MR. N. VELU ACHARI: സർ, ഇപ്പോൾ സമർപ്പിച്ച മെമ്മോറിയൽ വായിക്കുവാൻ സെക്രട്ടറിയെ അനുവദിക്കണമെന്നപേക്ഷിക്കുന്നു.

MR. K. N. JANARDHANAN ACHARI (*Nominated*): May I know whether these Sanghams are registered or unregistered?

MR. N VELU ACHARI: രജിസ്റ്റർ ചെയ്തതുമുണ്ട്, രജിസ്റ്റർ ചെയ്യാത്തതുമുണ്ട്.

MR. K. N JANARDHANAN ACHARI: May I know how many of them were registered and how many were unregistered?

MR N VELU ACHARI: അതു വായിച്ചപ്പോൾ രണ്ടുവിധമുണ്ടെന്നു മനസ്സിലാക്കിയിരിക്കുമല്ലൊ.

PRESIDENT: Order, order. Under Standing Order 64, "every member shall confine himself to the statement .... of the material allegations contained in it." Of course, it does not say that he is bound to state the allegations. But if the honourable member wishes to elucidate what it is all for, he might do so. Otherwise the Secretary will read the petition.

MR. N. VELU ACHARI: സർ, ഈ യോഗങ്ങളിൽനിന്നെല്ലാം സമർപ്പിച്ചിട്ടുള്ള മെമ്മോറിയലിൽ പറഞ്ഞിട്ടുള്ളത്, വിശ്വകർമ്മ സമുദായത്തിനു ഒരു ബിൽ ഉണ്ടാകുന്നപക്ഷം അത് ആ സമുദായത്തിലെ സകലരേയും ബന്ധിപ്പിക്കണമെന്നും ഇതിൽ ഉൾപ്പെട്ടു നിൽക്കുവാൻ സമ്മതമില്ലാത്തവരെ ഒഴിവാക്കുന്നതിലേക്ക് മറ്റു സാമുദായികബില്ലുകളിൽ ചേർത്തിരിക്കുന്നതുപോലെ ഒരു ഉപവകുപ്പുകൂടി ചേർക്കണമെന്നും ആണ്. കൂടാതെ ഗവണ്മെൻറു റിക്കാർഡുകളെക്കൂടി പരിശോധിച്ചു സമുദായത്തിനനുഗുണമായതരത്തിൽ ബില്ല് തിരുത്തി അംഗീകരിക്കണമെന്നും പറഞ്ഞിട്ടുണ്ട്. അഥവാ, ഇതു സ്വീകരിക്കാതെപോകുന്നപക്ഷം ഈ പേരിനാൽ അറിയപ്പെടുന്നവരെ ബില്ലിൽനിന്നും ഒഴിവാക്കിക്കൊടുക്കണമെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് അവരുടെ അപേക്ഷപ്രകാരം, ഈ ബിൽ ഏതൊരു സമുദായത്തെ ബന്ധിക്കണമെന്നുദ്ദേശിക്കപ്പെടുന്നുവോ, ആ സമുദായത്തിന്റെ അഭിപ്രായം ഒരുവായി സ്വീകരിച്ച് ഈ ബില്ലിൽ വേണ്ട മാറ്റങ്ങൾ വരുത്തിത്തരണമെന്നപേക്ഷിക്കുന്നു.

MR. PADIYARA JOSEPH KUNJU: വിശ്വകർമ്മ സമുദായമെന്നും കമ്മാളസമുദായമെന്നും പറയുന്നത് ഒന്നുതന്നെയല്ലേ?

MR. N. VELU ACHARI: ഒന്നുതന്നെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: I think the honourable member's general ideas are fairly well-known to the House. Any argument on the merits of that petition may be used when the honourable member is dealing with the actual bill before the House.

SECRETARY:—

The recommendations are:—

1. The Bill may be named as the Viswakarma Act.
2. All the Sub-divisions should be included in the definition clause.
3. More restriction should be made in the matter of marriage and divorce dealt with in Chapter 2 of the Bill.
4. A sub-clause may be added for the exemption, for those who are not willing to be included in the bill.

The House adjourned for lunch at 1-5 P. M. and met again at 2-5 P. M. with the Deputy President in the chair.

DEPUTY PRESIDENT: The House will now take up the amendments to the Travancore Kammala Bill one by one.

MR. N. VELU ACHARI: In Clause 1, Sub-clause (1) for the words "Kammala (Viswakarma)" substitute the word "Viswakarma"

സർ, ഈ ഭേഗതി അവതരിപ്പിക്കുന്നതിനുള്ള കാരണത്തെപ്പറ്റി ബഹുമാനപ്പെട്ട അംഗങ്ങളി മെമ്പറന്മാർക്ക് എന്റേയും സമുദായത്തിന്റേയും അഭിപ്രായത്തെ അച്ചിട്ട് അയച്ചിട്ടുള്ളതിനാൽ സഭയുടെ വിലയേറിയ സമയം നഷ്ടപ്പെടുത്തണമെന്നു ഞാൻ വിചാരിക്കുന്നില്ല. തമിഴ് ഇവിടെ വളരെക്കാലം പ്രചാരത്തിൽ ഇരുന്നതുകൊണ്ട് അന്നു ഈ സമുദായക്കാർക്കു കല്പിച്ച ഒരു പേരാണ് "കമ്മാളാ" എന്നുള്ളത്. ഇന്ന് സകല ആളുകളും അവരുടെ സമുദായപ്പേരു വിശ്വകർമ്മ എന്നതന്നെ വേണമെന്ന് ആഗ്രഹിക്കുകയും നിവേദനംമൂലം ഗവണ്മെൻറിനോടു് ആവശ്യപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇങ്ങനെ ഗവണ്മെൻറു സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അനേകദശവത്സരങ്ങൾക്കുമുമ്പുമുതലെ മെമ്മോറിയൽമൂലം സമുദായം അപേക്ഷിച്ചിട്ടുണ്ട്. ആയതു ഗവണ്മെൻറു റിക്കാർഡുകളിലും കാണുന്നുണ്ട്. ക്രൂടാതെ, സർ, തെക്കേഇൻഡ്യയിൽതന്നെയും മദ്രാസ് ഗവണ്മെൻറും മൈസൂർ ഗവണ്മെൻറും ഇവക്ക് വിശ്വകർമ്മ എന്ന പേരു സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. രണ്ടു വർഷത്തിനുമുമ്പ് കൊച്ചി ഗവണ്മെൻറു അവിടത്തെ കമ്മാളാ എന്നറിയപ്പെടുന്ന സമുദായത്തിന്റെ അപേക്ഷയുടെ ഫലമായി വിശ്വകർമ്മ എന്ന പേരു സ്വീകരിച്ചിട്ടുണ്ട്.

MR. G. NILAKANTAN: കൊച്ചിയിലെ സെൻസസ്സ് റിപ്പോർട്ട് മെംബർ വായിച്ചിട്ടുണ്ടോ? അതിൽ വിശ്വകർമ്മ എന്നാണോ കമ്മാളൻ എന്നാണോ എഴുതിയിരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

MR. N. VELU ACHARI : അവിടെ സെൻസസ് റിപ്പോർട്ട് എഴുതിയതിനുശേഷമാണ് ഈ പേരു മാറിയത്. ദക്ഷിണ ഇൻഡ്യയിലുള്ള സകല ഗവണ്മെൻറുകളും ഈ സമുദായക്കാരുടെ പേരു് വിശ്വകർമ്മ എന്നാക്കിയിരിക്കുന്നതുകൊണ്ട് ഇവിടെയും അതുപോലെ ചെയ്യണമെന്നാണ് എൻറെയും സമുദായത്തിൻറെയും അപേക്ഷ.

MR. M. SIVATHANU PILLAI : ദക്ഷിണ ഇൻഡ്യയിലുള്ള കമ്മാളർ എന്നറിയപ്പെടുന്ന എല്ലാ ആളുകളും മിതാക്ഷര ലായാണോ അനുകരിക്കുന്നത്?

MR. N. VELU ACHARI : അതെ.

MR. M. SIVATHANU PILLAI : അങ്ങനെയാണെങ്കിൽ പ്രത്യേകം ഒരു നിയമത്തിൻറെ ആവശ്യമുണ്ടോ?

MR. N. VELU ACHARI : മിതാക്ഷരലായിലുള്ള ചില അവശതകളെ നീക്കംചെയ്യുന്നതു് ഇന്നത്തെ സ്ഥിതിക്കു് അഭിലഷണീയമായിരിക്കുമെന്നു വിചാരിച്ചാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്.

MR. N. RAMAKRISHNA PILLAI : എന്നുമുതൽക്കാണു കമ്മാള എന്നുള്ള പദം ഉപയോഗിക്കരുതെന്നു തോന്നിത്തുടങ്ങിയതു്?

MR. N. VELU ACHARI : വളരെ വളരെ കാലങ്ങളായി ആവശ്യപ്പെടുന്നു. ഉദാഹരണമായി ട്രൻട്രാ-ലെ സെൻസസ്സ് റിപ്പോർട്ട് ഒന്നാം പേജിൽ ഇപ്രകാരം കാണുന്നു:—

"In connection with the census memorials were received on behalf of the Kammala caste, that they should be shown in the census schedules as visvabrahmins, and not by the ordinary caste appellations indicative of their usual occupations. They state that their place in society is not governed by occupations, the five sub divisions of the Kammalas freely intermarrying with each other, and they refer in support of their claim, to the tradition which traces their common origin to viswakarma, a Brahmin the reputed father of Indian architecture

MR. M. SIVATHANU PILLAI : ദക്ഷിണതിരുവിതാംകൂറിലുള്ള ഏതെങ്കിലും കമ്മാളർ അവരുടെ പേരു് വിശ്വകർമ്മ എന്നാക്കണം എന്നു പറഞ്ഞിട്ടുണ്ടോ?

MR. N. VELU ACHARI : ഉണ്ടു്. ഇന്നിവിടെ ഹാജരാക്കിയ പെറ്റീഷനിൽ ഒന്നു് നെയ്യാറിൻകര താലൂക്കിൽനിന്നും അയച്ച താണു. അതും ഞാൻ ഇവിടെ ഹാജരാക്കിയിട്ടുണ്ടു്. ഇതുമാത്രമല്ല ട്രൻട്ര-ൽ നാഗർകോവിലിൽവച്ചു കൂടിയ കാൺഫറൻസിലെ തീരുമാനവും അതായിരുന്നു. അതിനും രേഖയുണ്ടു്.

MR. C JEBAMONEY NADAR : കമ്മാള എന്നു പറയുന്നതു് ആക്ഷേപകരമാണോ?

LIBRARY ARCHIVES Kerala Legislative Assembly

MR. N. VELU ACHARI : അങ്ങനെ ആയതുകൊണ്ടാണ് ഞങ്ങൾ വിശ്വകർമ്മ എന്ന പദം സ്വീകരിച്ചിരിക്കുന്നത്. വിശ്വകർമ്മ മഹാജനയോഗം, വിശ്വബ്രഹ്മയോഗം, വിശ്വകർമ്മ കോ ഓപ്പറേറിവ് സൊസൈറ്റി എന്നിങ്ങനെ ഞങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്കെല്ലാം ഈ പേരാണ് സ്വീകരിച്ചിട്ടുള്ളത്. ഇന്ന് കമ്മാള എന്ന പേരിൽ ഒരു സ്ഥാപനംപോലും ഉണ്ടായിട്ടില്ല.

MR. M. R. NARAYANA PILLAI: വിശ്വകർമ്മ എന്നുള്ളത് ഏതു ഭാഷയിൽനിന്നുണ്ടായതാണ്?

MR. N. VELU ACHARI : സംസ്കൃതഭാഷയിൽനിന്നാണെന്നു മെമ്പർ ധരിച്ചിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

MR. M. SIVATHANU PILLAI : വിശ്വകർമ്മ എന്ന് അറിയപ്പെടുന്നവരെ മലയാളവിശ്വകർമ്മ എന്നു പറയുന്നതിൽ അഭിപ്രായവ്യത്യാസമുണ്ടോ?

MR. N. VELU ACHARI : ഉണ്ട്. കമ്മാളാ എന്ന പദം തമിഴിൽനിന്നു വന്നിട്ടുള്ളതുകൊണ്ടും ഞങ്ങളുടെ സമുദായം ആ പേരിനെ അവഗണിക്കുന്നതുകൊണ്ടും ദക്ഷിണഇൻഡ്യയിലുള്ള എല്ലാ ഗവണ്മെൻറുകളും വിശ്വകർമ്മ എന്ന പേരു സ്വീകരിച്ചിരിക്കുന്നതുകൊണ്ടും ഇവിടേയും ആ പേരുതന്നെ സ്വീകരിക്കേണ്ടതാണ്.

MR. N. RAMAKRISHNA PILLAI : പബ്ലിക്ക് സർവീസു കമ്മീഷണരുടെ ജാതി തിരിച്ചുള്ള പട്ടികയിൽ ഈ സമുദായക്കാരെ കമ്മാള എന്നല്ലേ എഴുതിയിരിക്കുന്നത്?

MR. N. VELU ACHARI : അവിടെ മാത്രമല്ല മറ്റുചില ഗവണ്മെൻറു റിക്കാർഡുകളിലും അങ്ങനെയാണ് എഴുതിയിരിക്കുന്നത്. അതു മാറണം എന്നുള്ളതാണ് എൻറേയും സമുദായത്തിൻറേയും അഭിപ്രായം. ഫോർത്ത് സെൻസസ്സ് റിപ്പോർട്ടിൽ കമ്മാള അല്ലെങ്കിൽ വിശ്വകർമ്മ എന്നു ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ട്.

MR. M. SIVATHANU PILLAI: മലയാളവിശ്വകർമ്മ എന്നു പറയുന്നതിൽ എന്താണ് ആക്ഷേപമുള്ളത്?

MR. N. VELU ACHARI : അതിൽ അർത്ഥമില്ലാത്തതുകൊണ്ടുതന്നെ. ഇതുവരെ നടന്നിട്ടുള്ളതിൽ കഴിഞ്ഞ സെൻസസ്സിൽമാത്രമേ ഈ ഒരൊറ്റ സമുദായക്കാരെ മലയാളം സംസാരിക്കുന്നവരും തമിഴ് സംസാരിക്കുന്നവരും എന്ന് ഭാഷയെ അടിസ്ഥാനപ്പെടുത്തി സംഖ്യ എടുത്തിട്ടുള്ളൂ. ഫസ്റ്റ് മുതൽ ഇങ്ങോട്ടു നടന്നിട്ടുള്ള സെൻസസ്സ് റിപ്പോർട്ടുകളിലെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. Velu Achari.]

ല്ലാം ഈ സമുദായക്കാരെ തൊഴിൽ അനുസരിച്ച് വിഭജിച്ചിട്ടുള്ളതല്ലാതെ സംസാരിക്കുന്ന ഭാഷയനുസരിച്ചു വിഭജിച്ചിട്ടില്ല. അതുകൊണ്ട് ഈ ക്ലാസ്സുകളെ ഒരു നിയമത്തിൽ "മലയാള" എന്നോ "തമിഴ്" എന്നോ ഉള്ള വിവക്ഷ പാടുള്ളതല്ലെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഇതിനുദാഹരണമായി മുൻകാലം അതായത് ഫ വ ൈ ൈ-ൽ എടുത്തിട്ടുള്ള സെൻസസ്സിൽ (ഇത് ഈ രാജ്യത്തിലെ ആദ്യത്തെ സെൻസസ്സാണെന്നു തോന്നുന്നു) ഈ വസ്തുതയെപ്പറ്റി പറഞ്ഞിരിക്കുന്നതു് എന്റെ അഭിപ്രായത്തെ പിൻതാങ്ങുന്നു. ഇതിൽപ്പോലും തമിഴ് കമ്മാളനെന്നും മലയാള കമ്മാളനെന്നും കാണുന്നില്ല. അതായത്,

Census of 1865 page 186 :

"Cummalen	20933	Thatchan	3800
Thattan	14009	Acharee	29385
Cannan	3193	Chemboothatti	45
Collen	19211		

"The artisan classes who nearly exhaust the handicraft arts of the country number 95757 and include within them "The Cummalars" a general name under which goldsmiths, blacksmiths, masons, carpenters, braziers, ivory carvers are known".

Census 1881 page 211 ;

"KAMMALARS. Under this general term are included the artisan castes of the country. Their number is 92,578 all shades included. The sub-divisions under this head are :

Kammalars	19,573	Kollan	18,122
Thattan	13,679	Thachan	3,584
Kannan	3,096	Asari	29,612
Kullen	4,852	Chemputhatti	60

Census of 1891 pages 639 and 640.

"Group	17	Goldsmith	24698
,,	17	(a) Artisans (general)	1995
,,	19	Blacksmith	24982
,,	20	Carpenters, masons and Turners	37707
,,	21	Brass and Coppersmiths	5795"

MR. G. NILAKANTAN: തെളിവെടുത്ത സമയത്തു് ചിലർ തമിഴ് കമ്മാളരാണെന്നും മറ്റുചിലർ മലയാളകമ്മാളർ ആണെന്നും മൊഴി കൊടുത്തിട്ടുണ്ടോ?

MR. N. VELU ACHARY : കുറേപേർ അങ്ങിനെ സംസാരഭാഷയെ അടിസ്ഥാനപ്പെടുത്തി കൊടുത്തിരിക്കാം. എങ്കിലും ഭൂരിഭാഗവും വിശ്വകർമ്മ എന്ന പേരിനെ അനുകൂലിച്ചു മൊഴി കൊടുത്തിരിക്കുന്നതായി കണ്ടാം. വിശ്വകർമ്മ എന്ന പേരുതന്നെ സ്വീകരിക്കണമെന്നു് അനേകം പ്രമേ

LIBRARY ARCHIVES Kerala Legislative Assembly

യങ്ങളും മെമ്മോറിയലുകളും സെലക്ട് കമ്മിറ്റിക്കും ഈ സഭയ്ക്കും ഗവണ്മെൻറിനും അയച്ചിട്ടുണ്ട്. ഇങ്ങനെയിരിക്കെ അവക്കായി സ്ഥിരമായ ഒരു നിയമം ഉണ്ടാകുമ്പോൾ ആ നിയമം അവർആഗ്രഹിക്കുന്ന പേരിൽ തന്നെ പാസാക്കേണ്ടതാണ്.

MR. M. L. JANARDHANAN PILLAI: കമ്മാള എന്ന പേരുപയോഗിക്കുന്നതുകൊണ്ടു മെമ്പക്ക് എന്താണ് ദോഷം വരാനുള്ളത്?

MR. N. VELU ACHARI: ആത്മാഭിമാനം എല്ലാവക്കും ഉള്ളതാണല്ലൊ. ഇവിടെ ഞാൻ ഒരു ചെറിയ സംഗതി പറഞ്ഞുകൊള്ളട്ടെ, അത് മറ്റു സമുദായക്കാരോടുള്ള ബഹുമാനക്കുറവുകൊണ്ടാണെന്ന് ആരും ധരിക്കരുതെന്ന് അപേക്ഷിച്ചുകൊള്ളുന്നു. നായർ സമുദായത്തിന്, ശൂദ്രർ എന്നുംമറും പല നിഷ്കൃഷ്ടപേരുകളാൽ അറിയപ്പെട്ടിരുന്ന ആ സമുദായത്തിന്, ഒരു നിയമം ഉണ്ടാക്കിയപ്പോൾ അതു നായർ റഗുലേഷനായി തീർന്നതല്ലാതെ നിഷ്കൃഷ്ടമായി തോന്നിയ ശൂദ്രറഗുലേഷനെന്നോ മാരാൻ റഗുലേഷനെന്നോ ഉള്ള പേരു കല്പിച്ചില്ല. അതുപോലെതന്നെ ചോവൻ എന്നും ഈഴവർ എന്നും പാണ്ടി ഈഴവൻ എന്നും അറിയപ്പെട്ടവന്നിരുന്ന ഈഴവസമുദായത്തിന് ഒരു നിയമം ഉണ്ടാക്കിയപ്പോൾ ഈഴവറഗുലേഷൻ എന്നല്ലാതെ മറ്റു യാതൊരു നിഷ്കൃഷ്ടപേരും അതിന കൊടുത്തില്ല. അതുപോലെതന്നെ ഇവിടത്തെ മറ്റുചില ജാതിക്കാരും അവരുടെ പേരു കാലോചിതമായ വിധത്തിൽ മാറ്റീട്ടും ഉണ്ട്, മാറുന്നമുണ്ട്.

MR. K. N. JANARDHANAN ACHARI: ഈഴവരുടെ ഇടയിൽ പേരുവ്യത്യാസം അല്ലാതെ ആചാരവ്യത്യാസം ഉണ്ടോ?

MR. N. VELU ACHARI: അവരിലും ഈഴവബില്ലിനുമുൻപു ധാരാളം വ്യത്യാസമുണ്ടായിരുന്നു. തമിഴ് സംസാരിക്കുന്നവരെന്നും മലയാളം സംസാരിക്കുന്നവരെന്നും വ്യത്യാസം ഉണ്ടെന്നുവരികിലും കമ്മാളർ എന്നറിയപ്പെടുന്ന വിശ്വകർമ്മ സമുദായം മുഴുവനും ഒരു ഒറ്റ സമുദായമാണെന്നു മി. ആചാരിയും സമ്മതിച്ചിട്ടുള്ളതാണല്ലൊ.

MR. G. NILAKANTAN: വിധവാവിവാഹം തമിഴ്കമ്മാളരുടെ ഇടയിൽ നടപ്പുണ്ടോ? മലയാളം കമ്മാളരുടെ ഇടയിൽ നടപ്പുണ്ടോ?

MR. N. VELU ACHARI: രണ്ടുകൂട്ടരിലും നടത്തുന്നവരും നടത്താത്തവരും ഉണ്ട്. നിയമം അറിയാൻ പാടില്ലാത്തവരോ അവശതയിൽ ആണ്ടു കിടക്കുന്നവരോ എന്തെങ്കിലും പ്രവർത്തിച്ചു എന്നു വിചാരിച്ച് അതു സമുദായത്തിൽ ഉള്ള ഒരാചാരമായി സ്ഥീകരിക്കാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. Velu Achari.]

ധനപരമായ കുറവുകൊണ്ട് അങ്ങനെ വല്ലവരും ചെയ്തിരിക്കാം. അങ്ങനെ ഉണ്ടെങ്കിൽതന്നെയും അതിനെ നിയമംകൊണ്ടു മാറ്റേണ്ടതാണ്. അതുകൊണ്ട് അതിനെപ്പറ്റിയുള്ള ചോദ്യംതന്നെ ആവശ്യമില്ലാത്തതാണ്.

MR. K. N. JANARDHANAN ACHARI: ഇന്നത്തെ കാലസ്ഥിതിക്കനുസരിച്ച വിധവാവിവാഹം ആവശ്യമാണെന്ന മെമ്പർ വിചാരിക്കുന്നില്ലേ?

MR. N. VELU ACHARY: ഉണ്ട്. പത്തോ പന്ത്രണ്ടോ വയസ്സിൽ ഒരു പെൺകുട്ടിയെ കല്യാണംകഴിച്ചതിനുശേഷം പതിനാറോ പതിനേഴോ വയസ്സിൽ ഭർത്താവു മരിച്ചുപോകുകയാണെങ്കിൽ ആ പെൺകുട്ടിയുടെ നില അധോഗതിയായിത്തീരുന്നു. അങ്ങനെ വരുന്ന ദുരവസ്ഥയുടെ പരിഹാരത്തിനുവേണ്ടിയാണ് വിധവാവിവാഹം നടത്തിവയ്ക്കുന്നത്. സമുദായത്തിന്റെ പുരോഗമനത്തെ കാംക്ഷിക്കുന്ന ഏതൊരു വ്യക്തിയും അതിനെ അനുകൂലിക്കുകതന്നെ ചെയ്യും.

MR. K. N. JANARDHANAN ACHARI: അതിൽമാത്രമേ വ്യത്യാസമുള്ളോ? തമിഴ് കമ്മാളരെന്നും മലയാളക്കമ്മാളരെന്നും ഉള്ള വ്യത്യാസം പഴയ റിക്കാർഡുകളിൽമൂലം സ്ഥിരപ്പെടുത്തിയിട്ടുള്ളതായി അറിയാമോ?

DEPUTY PRESIDENT: Questions relating to acharams and customs are quite irrelevant at this stage. The motion relates to the title of the Bill and discussion may proceed on that basis.

MR. N. VELU ACHARI: ഇതയും പ്രസ്താവിച്ചതുകൊണ്ട് ബഹുമാനപ്പെട്ട ഈ സഭയ്ക്ക് സംഗതികളുടെ യഥാർത്ഥം മനസ്സിലായിരിക്കണമെന്നു ഞാൻ വിചാരിക്കുന്നു.

MR. P. S. MUHAMED: കമ്മാളബിൽ എന്ന പേരുതന്നെ വേണമെന്നു സംഘംകൂടി നിശ്ചയങ്ങളും പാസ്സാക്കിയിട്ടുള്ളതായി അറിയാമോ?

MR. N VELU AHCARI: അതിനെപ്പറ്റി യാതൊരു അറിവും എനിക്കില്ല. വിശ്വകർമ്മ എന്ന പേർ ആ സമുദായം സ്വീകരിച്ചിരിക്കുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട ഈ ഹൗസും ആ പേർതന്നെ സ്വീകരിച്ച് അതിനെ നിയമമാക്കിത്തരണം. ഈ കമ്മാളബിൽ ഇവിടെ വന്നിട്ട് ആറു വർഷമായിരിക്കുന്നു. ഈ ബിൽ വന്ന കാലംമുതൽ സമുദായത്തിനിടയിൽ വലിയ പ്രക്ഷോഭണം ഉണ്ടായിട്ടുണ്ട്. ഇതിന്റെ കമ്മിറ്റി തിരുവനന്തപുരത്തുവച്ചു കുറെ തെളിവുകൾ എടുത്തിട്ടുണ്ട്. എന്നാൽ വടക്കൻപറവൂർവരെയുള്ള എല്ലാ താലൂക്കുകളിലും നിവസിക്കുന്ന ഈ സമുദായാംഗങ്ങൾക്ക് തിരുവനന്തപുരത്തു ഒരു കോണിൽ വച്ചു നടത്തപ്പെട്ടുന്ന കമ്മറ്റിയിൽവന്നു മൊഴി കൊടുക്കാൻ സാധിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതല്ല. ഗസറിൽ പരസ്യംചെയ്തുകൊണ്ട് ഈ സമുദായാംഗങ്ങൾ മുഴുവനും അറിയുന്നതുമല്ല. ഈ സ്ഥലത്തിനടുത്തുള്ള കുറേപ്പേർ വന്ന മൊഴി കൊടുത്തതല്ലാതെ ദൂരസ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് ഇവിടെ വന്ന മൊഴികൊടുക്കുന്നതിന നിവൃത്തിയില്ലായിരുന്ന. ഈ സാമ്പത്തി കാധഃപതനകാലത്ത് അവർക്ക കഞ്ഞിവെള്ളം കുടിക്കാൻപോലും നിവൃത്തിയില്ലാതിരിക്കെ പണവും ചെലവാക്കി ഇവിടെവന്ന മൊഴികൊടുക്കുന്നതിന് എത്രത്തോളം സാധിക്കുമെന്നുള്ളതു എല്ലാവർക്കും ഊഹിക്കാവുന്നതാണ്. ഗവണ്മെൻറിന ധനപരമായി കുറെ വിഷമങ്ങളുണ്ടായിരുന്നതുകൊണ്ടായിരിക്കാം തെളിവെടുക്കുന്ന സംഗതിക്കായി കൂടുതൽ ധനം വ്യയംചെയ്യാൻ സാധിക്കുകയില്ലെന്ന നിശ്ചയിച്ചതു്. കമ്മിറ്റിക്കാർ മറ്റു സ്ഥലങ്ങളിൽപോയി തെളിവെടുക്കാതിരുന്നിട്ടുള്ളതുകൊണ്ട് ഈ സംഗതിയിൽ സമുദായാംഗങ്ങളുടെ ശരിയായ അഭിപ്രായങ്ങളെല്ലാം അറിഞ്ഞിട്ടുണ്ടെന്നു പറയാൻ പാടുള്ളതല്ല.

MR. N. RAMAKRISHNA PILLAI: Sir, on a point of order. The member is adverting to the proceedings of the Select Committee and criticising it. Is he in order to do so?

DEPUTY PRESIDENT: He is not actually referring to what transpired at the committee stage. He is referring only to the general procedure of the committee.

MR. N. VELU ACHARY: എല്ലാവരുടേയും ശരിയായ അഭിപ്രായം അറിയത്തക്കവിധത്തിൽ കമ്മിറ്റിക്കാർക്ക തെളിവെടുക്കാനും സാധിച്ചിട്ടില്ല. ഈ സ്ഥലത്തിനടുത്തു താമസിക്കുന്നവരാണ മൊഴികൊടുത്തവരിൽ ഭൂരിഭാഗവും. അവരിൽതന്നെ അനേകംപേർ വിശ്വകർമ്മജരിൽ തന്നെ വേണമെന്ന അഭിപ്രായപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഈ ഹൌസ് ദയവായി ആലോചിച്ച് ആ പേരോടുകൂടിത്തന്നെ ഈ ബിൽ പാസാക്കിത്തരണമെന്ന അപേക്ഷിക്കുന്നു. എല്ലാ സമുദായങ്ങൾക്കും വേണ്ടപ്പെട്ട ഒരു സമുദായമാണ് വിശ്വകർമ്മസമുദായം. കൃഷിക്കാരന് കലപ്പയും തൂമ്പായും ഗൃഹസ്ഥനു വീടും ഉപകരണവും വൈദീകനു വിഗ്രഹവും ക്ഷേത്രവുംഎന്നുമാത്രമല്ല മറ്റുപകരണങ്ങളായ സാധനസാമഗ്രികളുടേയും നിർമ്മിതിക്കു് ഉപയുക്തമായ ഉപകരണങ്ങളും ഉണ്ടാക്കുന്നതു വിശ്വകർമ്മജാതിക്കാരാണ്. ഇവകൾ നിർമ്മിക്കുന്ന ജോലിയല്ലാതെ മറ്റു യാതൊരു ജോലിയും അവർക്കില്ല. മറ്റുസമുദായക്കാർക്ക് ഇത്രത്തോളം ഉപകാരപ്രദമായിരിക്കുന്ന ഒരു സമുദായത്തിന്റെ ആത്മാഭിമാനത്തിനും സമുദായക്ഷേമത്തിനും ഭംഗകരമാണെന്നു വിചാരിക്കുന്ന സ്ഥിതിക്കു എല്ലാവരും യാതൊരു പാർട്ടി വ്യത്യാസവും കൂടാതെ ഇതിനെ പാസാക്കിത്തരേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. Velu Achary.]

സാധാരണ ഗവണ്മെൻറു സോഷ്യൽ സംഗതികളിൽ ഇടപെടാറില്ലെങ്കിലും ഒരു ന്യൂനപക്ഷസമുദായത്തിൻെറ നിയമകാര്യത്തിൽ ഗവമ്മെൻറുഭാഗത്തിൽനിന്നും സഹായിക്കുന്നതു ഉചിതമായിരിക്കും. ഈ അസംബ്ലിയിൽ വിശ്വകമ്മസമുദായത്തെ പ്രതിനിധീകരിക്കുന്നതിന് എന്നെമാത്രമെ ഗവണ്മെൻറിൽനിന്നും മെമ്പർആയി ആക്കിയിട്ടുള്ളൂ. അതിനാൽ ഗവണ്മെൻറിൻേറയും എല്ലാ പാർട്ടികളുടെയും സഹായസഹകരണങ്ങളും എൻെറ സമുദായത്തിനുണ്ടാകുമെന്നു ഞാൻ പ്രത്യാശിക്കുന്നു. ഉദ്യോഗം വേണമെന്നോ മറ്റു സൌജന്യങ്ങളും വേണമെന്നോ ഒന്നുംതന്നെ ഞങ്ങൾ ആവശ്യപ്പെടുന്നില്ല. അതുകൊണ്ട് എല്ലാവരും ഈ വിഷയത്തിൽ എന്നെ സഹായിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

MR. PADIYARA JOSEPH KUNJU : എൻെറ മാന്യസ്നേഹിതൻ ശ്രീമാൻ വേലുആചാരി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയെ ഞാൻ ഹൃദയപൂർവ്വം അനുകൂലിക്കുന്നു. ഒരു കുസ്ത്രാനി എന്നുള്ള നിലയിൽ ഈ സമുദായത്തെ കമ്മാളൻ എന്ന പേർ വിളിച്ചാലും വിശ്വകമ്മഎന്ന പേർ വിളിച്ചാലും എനിക്കു യാതൊന്നുമില്ലെങ്കിലും മി. വേലുആചാരി ഒരു സമുദായത്തിൻെറ ആത്മാഭിമാനത്തെ മുൻനിറുത്തി ആവശ്യപ്പെട്ടന ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണു ചെയ്യുന്നതു്. കമ്മാളൻ എന്ന വാക്കിൻെറ അർത്ഥംതന്നെ കം + ആളൻ കമ്മാളൻ എന്നാണു്. കം – ഭൂമി, ആളൻ അളക്കുന്നവൻ ഭൂമിയെ അളക്കുന്നവൻ അല്ലെങ്കിൽ ഭൂമിയെ ആളുന്നവൻ അഥവാ ഭരിക്കുന്നവൻ എന്നാണു.

MR. M. R. NARAYANA PILLAI : കം എന്ന പദത്തിന് ഭൂമി എന്ന അർത്ഥമുള്ളതു് ഏതു ഭാഷയിലാണു്?

MR. PADIYARA JOSEPH KUNJU : ഏതു ഭാഷയിലാണെന്നു നിഘണ്ടു നോക്കിയാലറിയാം.

MR. THARIATHU KUNJITHOMMEN : കം എന്ന പദത്തിനു ആകാശം എന്നല്ലേ അർത്ഥം.

MR. PADIYARA JOSEPH KUNJU : അല്ല. ഖം എന്ന പദത്തിനാണു് ആകാശം എന്നർത്ഥമുള്ളതു്.

MR. T. T. KESAVAN SASTRI : മെമ്പർ പറയുന്ന അർത്ഥം മറ്റുള്ളവർ അതുമാതിരിതന്നെ ധരിച്ചുകൊള്ളണമെന്നാണോ പറയുന്നതു്.

MR. PADIYARA JOSEPH KUNJU : അങ്ങനെ നിർബന്ധമില്ല. ഭാഷ അറിയുന്നവർ വേണ്ടവിധത്തിൽ ധരിച്ചുകൊള്ളും.

LIBRARY ARCHIVES Kerala Legislative Assembly

MR. T. C. KESEVA PILLAI : മലയാളഭാഷയിൽ വാക്കുകൾ കുറവായ തുകൊണ്ട് അതിൽ വാക്കുകൾ കൂട്ടുന്നതിൽ തെറ്റില്ലെന്നു അറിയാമോ?

MR. PADIYARA JOSEPH KUNJU : ഭൂമിയെ വാഴുന്നതു രാജാവും ഭൂമിയെ അളക്കുന്നതു സാധാരണ സർവയറന്മാരുമാണ്.

MR. M. SIVATHANU PILLAI : ഈ കമ്മാളൻ എന്നതു ഏതുഭാഷയിലുള്ള വാക്കാണെന്നറിയാമോ?

MR. PADIYARA JOSEPH KUNJU ; അതു തമിഴ ഭാഷയിലുള്ള വാക്കാണ്.

MR. G. NILAKANTAN ; ഈ പദം കർമ്മാളൻ എന്നതു ലോപിച്ചു ണ്ടായതാണെന്നറിയാമോ?

MR. PADIYARA JOSEPH KUNJU : അങ്ങനെ ആരും ഈ പേരു ഉപയോഗിച്ചു കണ്ടിട്ടില്ല. കർമ്മാളൻ എന്നുള്ള പേരു ലോപിച്ചുണ്ടായതാണെന്നു വിചാരിച്ചാൽപോലും കർമ്മാളപദത്തിനു വലിയ അർത്ഥമൊന്നുമില്ല. കമ്മത്തിൽ വാഴുന്നവൻ അഥവാ കമ്മത്തെ അളക്കുന്നവൻ എന്നായാലും അത്ഥമില്ല. ആ പദത്തിന്റെ ആഗമത്തെ പറ്റിയോ സാഹിത്യപരമായ വശങ്ങളെപ്പറ്റിയൊ ഒരു വിമർശനം ചെയ്യണമെന്നു താൻ വിചാരിക്കുന്നില്ല. വൈശ്യകർമ്മസമുദായം എന്നു പറയുന്നതിൽ കുറെ അത്ഥമുണ്ടെന്നാണ് എന്റെ അഭിപ്രായം.

MR. T. T. KESAVAN SASTRI : ആ വാക്കിന്റെ അത്ഥം എന്താണെന്നു പറഞ്ഞാൽകൊള്ളാം.

MR. PADIYARA JOSEPH KUNJU : അതു പറയാം. ക്രിസ്തുവിന്റെ അനുയായികളെ ക്രസ്ത്യാനികളെന്നു വിളിക്കുന്നു. മഹമ്മദിന്റെ അനുയായികളെ മഹമ്മദീയർ എന്നു വിളിക്കുന്നു. ബുദ്ധന്റെ അനുയായികളെ ബുദ്ധമതക്കാർ എന്നും പറയുന്നു. അതുപോലെ വിശ്വകർമ്മാവിന്റെ അനുയായികളെ വിശ്വകർമ്മസമുദായക്കാർ എന്നും വിളിക്കുന്നതിൽ യാതൊരു അബദ്ധവുമില്ലെന്നു മാത്രമല്ല അതു ശരിയായിരിക്കുകയും ചെയ്യും.

MR. G. NILAKANTAN : അമൻറുമെൻറിൽ മലയാള വൈശ്യകർമ്മ എന്നുണ്ടോ?

MR. PADIYARA JOSEPH KUNJU : അതു ഒന്നാമത്തെ അമൻറുമെൻറാണ്. ആ ഭേദഗതിവരുമ്പോൾ അതേപ്പറ്റി പറഞ്ഞുകൊള്ളാം. വൈശ്യകർമ്മസമുദായം എന്നുപറഞ്ഞാൽ

DEPUTY PRESIDENT : Are you speaking on motion No. 3 ?

LIBRARY ARCHIVES Kerala Legislative Assembly

MR. PADIYARA JOSEPHKUNJU: No, Sir. No. 2. ആദ്യത്തെ ഭേദഗതിയിലാണ് മലയാള വിശ്വകർമ്മ എന്നു പറഞ്ഞിട്ടുള്ളത്. രണ്ടാമത്തെ ഭേദഗതിയിൽ മലയാള വിശ്വകമ്മ എന്നോ തമിഴ് വിശ്വകർമ്മ എന്നോ ഇല്ലെന്നാണ് ഞാൻ പറഞ്ഞത്. വിശ്വകമ്മാവ് ഒരു വലിയ ശില്പകലാവിദഗ്ധനായിരുന്നു.

MR. G. NILAKANTAN : ഏതു ചരിത്രത്തിലാണ് അങ്ങനെ പറഞ്ഞിട്ടുള്ളത്?

MR. PADIYARA JOSEPH KUNJU : ഹൈന്ദവപുരാണങ്ങളിൽ അങ്ങനെ പറയുന്നുണ്ട്. എന്റെ മാന്യസ്നേഹിതൻ മി. രാമകൃഷ്ണപിള്ള എന്നുമുതലാണ് കമ്മാളശബ്ദത്തോട്ട ആ സമുദായക്കാർക്കു പേണക്കം തോന്നിയത്, എന്നുമുതലാണ് വിശ്വകമ്മസമുദായമെന്നു വിളിക്കണമെന്നു അവർക്കു തോന്നിയത് എന്നു ചോദിച്ചു. എനിക്കു അതിന്റെ തീയതിയൊന്നും അറിയാൻപാടില്ല. പണ്ട് പുലയർ എന്നു വിളിച്ചുവന്ന സമുദായക്കാരെ ചേരമർ എന്നു വിളിക്കണമെന്ന് അവർ ആവശ്യപ്പെട്ടു.

MR. T. T. KESAVAN SASTRI : അപ്രകാരം വിളിക്കണമെന്നു ആവശ്യപ്പെട്ടതിൽ വല്ല തക്കവും ഉണ്ടായിട്ടുള്ളതായി അറിയാമോ?

MR. PADIYARA JOSEPH KUHJU : തക്കമുണ്ടായതായി എനിക്കറിഞ്ഞുകൂടാ.

MR. N. VELU ACHARY : മണ്ണാൻ എന്നപേര് മാറണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ?

MR. PADIYARA JOSEPH KUNJU : മി. വേലുആചാരി സൂചിപ്പിച്ചതുപോലെ മണ്ണാൻ എന്നു വിളിച്ചുവന്നവരെ വർണ്ണവർ എന്നു വിളിക്കണമെന്നാവശ്യപ്പെട്ടു. പറയർ എന്ന ജാതിക്കാരെ സാംബവർ എന്നു വിളിക്കണമെന്നാവശ്യപ്പെട്ടു. അവരെയെല്ലാം ഇപ്പോഴും അങ്ങനെ വിളിക്കുകയും ചെയ്യുന്നു. ഒരു സമുദായത്തിന്റെ അഭിമാനത്തെ ക്ഷതപ്പെടുത്തുന്നതു് എന്തിനാണ്? അപമാനകരമായ ഒരുപേരിനെ ത്യജിച്ചിട്ടു അന്തസ്സുള്ള ഒരു പേരു് സ്വീകരിക്കാൻ ഒരു സമുദായം ആഗ്രഹിക്കുന്നുവെങ്കിൽ—അഭിമാനമുള്ള ഒരു പേരു സ്വീകരിക്കാൻ അഭിലഷിക്കുന്നുവെങ്കിൽ—എന്തുകൊണ്ടു അതിനെ സ്വീകരിച്ചുകൂടാ എന്നു വിനയപൂരസ്സരം ഞാൻ ചോദിച്ചുകൊള്ളുന്നു.

MR. N. RAMAKRISHNA PILLAI : ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതു് കമ്മാളർക്കുവേണ്ടിയാണെന്നു് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. PADIYARAJOSEPH KUNJU : എന്റെ മാന്യസ്നേഹിതന്റെ ചോദ്യത്തിനു തക്ക മറുപടി പറയാമായിരുന്നു. എന്നാൽ അദ്ദേഹം ഇതരസമുദായത്തിൻപെട്ട ആളായതുകൊണ്ടു് അതു പറയുന്നില്ല. ഈ ബില്ലുകൊണ്ടുവന്ന മെംബറിന്റെ അഭിമാനത്തെത്തന്നെ അതു ക്ഷതപ്പെടുത്തുന്നതായിരിക്കും. ഞാൻ പറയുന്നതു എന്റെ ജാതീയർക്കു പോലും രസിക്കുമോ എന്നറിഞ്ഞുകൂടാ. കൃസ്ത്യാന എന്നപേരിനു പകരം മറ്റുവല്ല ആക്ഷേപകരമായ പേരും വിളിക്കണമെന്നു ഒരു കൃസ്ത്യാനി ആവശ്യപ്പെടുന്നു എങ്കിൽ സഭ അതു് സ്വീകരിക്കണമെന്നില്ല. അതിനാൽ ഈ സഭ ഇതിനെപ്പറ്റി നല്ലവണ്ണം ആലോചിച്ചു് ഈ പേരുമാറ്റം സ്വീകാര്യമാണോ അല്ലയോ എന്നു തീരുമാനിക്കണമെന്നാണു് എന്റെ അഭിപ്രായം. ഒരു സമുദായത്തിനു അപമാനകരമായ പേരുകൊടുക്കുന്നതിനു് ആരും ഇഷ്ടപ്പെടുകയില്ല. ആക്ഷേപകരമായ പേരുതന്നെ വേണമെന്നു നിർബന്ധം പറഞ്ഞാൽ അതിനു് നിവൃത്തിയില്ല.

MR. N. RAMAKRISHNA PILLAI : അമൻറുമെൻറുകൊണ്ടു പേരുമാറ്റിയാൽ പാണ്ടിക്കമ്മാളരെ ഉപേക്ഷിപ്പെടുത്താമെന്നാണോ അഭിപ്രായം ?

MR. PADIYARA JOSEPH KUNJU : അമൻറ്മെൻറിന്റെ ഉദ്ദേശമല്ല പറയുന്നതു് ഇപ്പോൾ എന്റെ മുമ്പാകെ ഇരിക്കുന്നതു് രണ്ടാമത്തെ ഭേദഗതിയാണു്. അതുകൊണ്ടു അതിനെപ്പറ്റി മാത്രമേ പറയുന്നതിനു പ്രസിഡൻറു അവർകൾ അനുവദിക്കുകയുള്ളു.

MR. M. SIVATHANU PILLAI: ആത്മാഭിമാനത്തിനുവേണ്ടി ബ്രാഹ്മണകമ്മാളൻ എന്നു വിളിക്കുന്നതിനു് മെമ്പർ സമ്മതിക്കുമോ?

MR. PADIARA JOSEPH KUNJU : ബ്രാഹ്മണസമുദായം എന്നു വേറെ ഒരു സമുദായം ഉള്ളതുകൊണ്ടു അതു പാടില്ല.

MR. M. SIVATHANU PILLAI: അതുപോലെ ഇവിടെ മലയാളകമ്മാളനും പാണ്ടികമ്മാളനും ഉള്ളതായി അറിയാമോ?

MR. PADIYARA JOSEPH KUNJU : അങ്ങനെ കാണുമായിരിക്കാം.

MR. P. S. MUHAMED : തമിഴ് കമ്മാളനെന്നും മലയാളകമ്മാളനെന്നും വിളിക്കുന്നു എങ്കിലും കമ്മാളൻ എന്നുള്ള പദം പൊതുവായിട്ടുള്ളതല്ലേ?

MR. PADIYARAJOSEPH KUNJU : കമ്മാളശബ്ദം പൊതുവായിട്ടുള്ളതു തന്നെ.

MR. M. SIVATHANU PILLAI : മഹമ്മദൻ എന്നുള്ള പദംപൊതുവല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

MR. PADIYARA JOSHPH KUNJU : വിശ്വകർമ്മബില്ലിനെപ്പറ്റിയാണ് ആലോചിക്കുന്നത്. ആ അവസരത്തിൽ മുസ്ലിങ്ങളുടെ കാര്യം ചോദിക്കണമെന്നില്ല. രണ്ടാമത്തെ അമൻറ്മെൻറിനെപ്പറ്റിയാണ ഞാൻ പറയുന്നത. വിശ്വകർമ്മഎന്ന കമ്മാളപദത്തിനു പകരം വേക്കണമെന്ന ഒരൊറ്റ ഭേദഗതിനെപ്പറ്റി മാത്രമാണ ഞാൻ സംസാരിക്കുന്നത്. മുമ്പു പറയർ, പുലയർ, മണ്ണാൻ പതിയൻ മുതലായ പേരുകളാൽ അറിയപ്പെട്ടിരുന്നവരൊക്കെ പുതിയ നാമങ്ങളം സ്വീകരിച്ചു എന്നു ഞാൻ പറഞ്ഞല്ലോ. പിന്നെ ഈ പാവപ്പെട്ട സമുദായത്തിനു മാത്രം എന്തുകൊണ്ട് പേരിൽ വ്യത്യാസം വരുത്തിക്കൂടാ. കൊച്ചി,മൈസൂർ, ബ്രിട്ടീഷ് മലബാർ ഇവിടങ്ങളിലെല്ലാം പേരുമാറി. പിന്നെ തിരുവിതാംകൂറിൽ മാത്രം എന്താണ തടസ്സം.

MR. G. NILAKANTAN: ബ്രിട്ടിഷ് മലബാറിൽ വിശ്വകർമ്മഎന്നപേർ അംഗീകരിച്ചിട്ടില്ല എന്നറിയാമോ?

MR. PADIYARA JOSEPH KUNJU : ഉണ്ടെന്നറിയാം.

MR. G. NILAKANTAA : വിശ്വകർമ്മാ എന്നല്ല വിശ്വബ്രാഹ്മണർ എന്നാണെന്നുള്ള വിവരം അറിയാമോ?

MR. PADIYARA JOSEPH KUNJU : അങ്ങനെ ആയിരിക്കാം.

